# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4171** — 16/3/2017-ലെ മറുപടിയ്ക്ക്

## ശരണ്യ സ്വയംതൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അശരണരും ആലംബഹീനരുമായ വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി ശരണ്യ സ്വയം തൊഴിൽ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) ഏതെല്ലാം വിഭാഗത്തിലുള്ള സ്ത്രീകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം 18-നും 55-നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹമോചനം നേടിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിതരായ വനിതകൾ, നിത്യരോഗിയും ശയ്യാവലംബരുമായ |

| | | | |
|---|---|---|---|
| | | | ഭർത്താക്കന്മാരുള്ളവർ എന്നീ വിഭാഗത്തിലുള്ള വനിതകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതിക്കായി എത്രകോടി രൂപ ചെലവഴി ച്ചെന്നും എത്ര ഗുണഭോക്താ ക്കൾക്ക് തുക വിതരണം ചെയ്യെന്നുമുള്ള കണക്ക് ലഭ്യമാണോ; ആണെങ്കിൽ അറിയിക്കുമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3180 ഗുണഭോക്താക്കൾക്കായി ആകെ 16 കോടി രൂപ ഈ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. |
| ഡി) | ഭിന്നശേഷിക്കാരായ വനിതകളെയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഡി) | ഉണ്ട്. 28-01-2016-ലെ ജി.ഒ.(പി) നമ്പർ 18/2016/തൊഴിൽ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ വനിതകളെ കൂടി ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ